"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എല്ലാ മാസത്തിലും മൂന്നാമത്തെ ശനിയാഴ്ച നടത്തേണ്ട ജനകീയ ശുചീകരണ പരിപാടി - പ്രവർത്തന മാർഗ്ഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1741/2025/LSGD    തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:- 1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2025 ജൂൺ 10-ന് നടന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

മാലിന്യ മുക്തം നവകേരളം - ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സുസ്ഥിരതയും സമ്പൂർണ്ണതയും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്ന് വരുന്നത്. ഹരിതമിത്രം ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 98% വീടുകളിലും സ്ഥാപനങ്ങളിലും വാതിൽപ്പടി സേവനം നൽകുന്നുണ്ടെങ്കിലും അത് 100% ത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങളിലും സേവനങ്ങളിലും നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനുള്ള ഇടപെടലുകളാണ് ഈ സാമ്പത്തിക വർഷം ഊന്നൽ നൽകി നടത്തി വരുന്നത്. മാലിന്യ പരിപാലന സൗകര്യങ്ങൾ വ്യാപകമായെങ്കിലും പൊതുയിടങ്ങളിൽ ഇപ്പോഴും മാലിന്യം വലിച്ചെറിയുന്നുണ്ട്. ഇത് പ്രതിരോധിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടു കൂടിയ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി പരാമർശം (1) യോഗതീരുമാനം പ്രകാരം പൊതുയിട ജനകീയ ശുചീകരണ പ്രവർത്തനം എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തന മാർഗ്ഗരേഖ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നത് പ്രകാരം അംഗികരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ,(I&PRD(വെബ് & മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 14-07-2025 15:32:51
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്

## ജനകീയ ശുചീകരണ പരിപാടി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2025 ജൂൺ 10-ന് നടന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ അവലോകന യോഗത്തിൽ പൊതുയിട ജനകീയ ശുചീകരണ പ്രവർത്തനം പൊതുവിദ്യാഭ്യാസ പരിപാടിയായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച നടത്തുന്നതിനായി തീരുമാനിച്ചിരുന്നു.

സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും 2025 ജൂലൈ 19-ന് ജനകീയ ശുചീകരണത്തോട് കൂടി ഈ പ്രവർത്തനോദ്ഘാടനം നടത്തേണ്ടതാണ്. 2025 ജൂലൈ 19-ന് ആരംഭിക്കുന്ന ജനകീയ ശുചീകരണ പരിപാടി 2025 നവംബർ 1 വരെയാണ് നടക്കേണ്ടത്. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച സ്കൂൾ, കോളേജ്, സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും, എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുയിടങ്ങളിലുമാണ് ജനകീയ ശുചീകരണ പരിപാടി നടക്കേണ്ടത്.

വൃത്തിയാക്കുന്നതിലൂടെ സമാഹരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ജനകീയമായി തന്നെ തരംതിരിച്ച് പുനഃചംക്രമണത്തിനായി ഹരിതകർമ്മസേനയ്ക്ക് കൈമാറേണ്ടതുമാണ്. ശുചീകരിച്ച പ്രദേശങ്ങളുടെ തുടർപരിപാലനം, സൗന്ദര്യവത്കരണം എന്നിവ ഉറപ്പ് വരുത്തുന്നതിനും മേൽനോട്ടത്തിനുമായി ജനകീയ സമിതികൾ/ പ്രാദേശിക സംഘടനകൾ എന്നിവയെ ചുമതലപ്പെടുത്തേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുക.

**പൊതുയിട ജനകീയ ശുചീകരണ ക്യാമ്പയിൻ ലക്ഷ്യം**

1. വലിച്ചെറിയൽ മുക്ത പൊതുയിടങ്ങൾ സൃഷ്ടിക്കുക.
2. പൊതുയിടങ്ങൾ വൃത്തിയായും സൗന്ദര്യാത്മകമായും സംരക്ഷിക്കുക എന്നത് പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നുള്ള ബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ബഹുജന വിദ്യാഭ്യാസ പരിപാടി.

**തദ്ദേശ സ്വയംഭരണ സ്ഥാപനം അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ**

പൊതുയിട ശുചീകരണ പരിപാടി

1. **എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ചയാണ്** തദ്ദേശ സ്ഥാപനങ്ങളിൽ ജനകീയ ശുചീകരണം നടത്തേണ്ടത്. ഇതിനായി തദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ

സംഘടനകളുടെയും യോഗം ചേർന്ന് പരിപാടി തയ്യാറാക്കേണ്ടതാണ്.

2. ഓരോ മാസവും പൊതുയിട ശുചീകരണ ദിനത്തിൽ വൃത്തിയാക്കുന്ന പൊതുയിടങ്ങൾ/ വാർഡുതല പ്രദേശങ്ങൾ എന്നിവയുടെ പട്ടിക മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.

3. എല്ലാ മാസവും ആദ്യ ഭരണസമിതി യോഗത്തിൽ പ്രദേശങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. **ഈ പ്രവർത്തനം നവംബർ 1 വരെ തുടരണം.**

4. ജനകീയ ശുചിത്വ സമിതികളുടെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിപുലീകരിക്കേണ്ടതാണ്. നിലവിൽ ശുചിത്വ സമിതികൾ രൂപീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

5. തെരഞ്ഞെടുത്ത പ്രദേശങ്ങൾ ശുചീകരിച്ച് വൃത്തിയായി സൂക്ഷിക്കാൻ തയ്യാറായിട്ടുള്ള സംഘടനകളെ കണ്ടെത്തുക. പ്രാദേശിക ക്ലബ്ബുകൾ, വായനശാലകൾ, റെസിഡന്റ്സ് & വെൽഫെയർ അസോസിയേഷനുകൾ, രാഷ്ട്രീയ സംഘടനകൾ, തൊഴിലാളി - സർവ്വീസ് സംഘടനകൾ, മത - സാമുദായിക സംഘടനകൾ, യുവജന-വിദ്യാർത്ഥി സംഘടനകൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാ ബഹുജന സംഘടനകളെയും ഇതിനായി ഏകോപിപ്പിക്കേണ്ടതാണ്.

6. ശുചീകരണ പ്രവർത്തനങ്ങൾക്കായി തയ്യാറാകുന്ന സംഘടനകൾക്ക് സ്ഥലം നിശ്ചയിച്ച് പ്രത്യേക ചലഞ്ച് ആയി നൽകേണ്ടതാണ്.

7. ശുചീകരണത്തിനായി നിശ്ചയിക്കുന്ന സ്ഥലത്തിന് ചുറ്റുമുള്ള വീടുകളിലും സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിച്ച പ്രകാരമുള്ള മാലിന്യ പരിപാലന രീതി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ഇതിലൂടെയേ പ്രസ്തുത പ്രദേശത്ത് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുള്ള പ്രാദേശിക ജാഗ്രത വളർന്ന് വരികയുള്ളൂ.

8. ബിന്നുകൾ ആവശ്യത്തിന് സ്ഥാപിച്ചിട്ടില്ലാത്ത പൊതുയിടങ്ങളിൽ അവ അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും അതോടൊപ്പം വിനോദസഞ്ചാരികൾക്കും മറ്റ് യാത്രക്കാർക്കും യാത്രാവേളയിൽ ഉണ്ടാകുന്ന മാലിന്യം നിക്ഷേപിക്കുന്നതിന് വേണ്ടി മാത്രമാണ് പൊതു ബിന്നുകൾ പ്രയോജനപ്പെടുത്തേണ്ടത് എന്ന അവബോധം കൂടി പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്.

9. നവംബർ 01-ഓടെ മാലിന്യം വലിച്ചെറിയൽ പ്രവണത ഇല്ലാതാക്കാനും ബിന്നുകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും കഴിയേണ്ടതാണ്.

10. ജൂലൈ 19-ന് ആരംഭിക്കുന്ന ജനകീയ ശുചീകരണം കേവലം ശുചീകരണ പ്രവർത്തനമായി

പരിമിതപ്പെടുത്താതെ, വലിച്ചെറിയലിന് എതിരെ മനോഭാവം വളർത്താനും പൊതുയിടങ്ങൾ വൃത്തിയുള്ളതും ആകർഷവുമായി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പൊതു സമൂഹത്തിന്റേതാണ് എന്ന സാമൂഹ്യബോധം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമായി മാറ്റാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

11. ശുചീകരണത്തിന് ശേഷം സമാഹരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ജനകീയമായി തന്നെ തരംതിരിച്ച് പുനഃചംക്രമണത്തിനായി ഹരിതകർമ്മസേനയ്ക്ക് കൈമാറേണ്ടതുമാണ്.

<u>പൊതുസ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ പരിപാലനം സുസ്ഥിരമാക്കൽ.</u>

1. **എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച** സ്കൂൾ, കോളേജ്, സർക്കാർ സ്ഥാപനങ്ങൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തേണ്ടതാണ്. (2025 ജൂലൈ 18ന് ആരംഭിച്ച് 2025 നവംബർ 1-ന് അവസാനിക്കുന്ന തരത്തിൽ)

2. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപന ഉടമകളുടെ യോഗം ചേർന്ന് നിർദ്ദേശം നൽകുക.

3. എല്ലാ സ്ഥാപനങ്ങളിലും ജൈവ-അജൈവ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ ഉണ്ടെന്നും, ജൈവ മാലിന്യത്തിനായി ഉറവിട സംസ്കരണ സംവിധാനം/ അംഗീകൃത ഏജൻസിക്ക് കൈമാറൽ, അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറൽ എന്നിവ ഉറപ്പ് വരുത്തുക.

4. കൊതുക് പ്രജനന കേന്ദ്രങ്ങൾ നശിപ്പിക്കുക/ വെള്ളം കെട്ടികിടക്കുന്ന സാഹചര്യം പൂർണ്ണമായി ഒഴിവാക്കുക.

5. സ്ഥാപന പരിസരം ശുചീകരിക്കുകയും, വലിച്ചെറിയൽ മുക്ത സ്ഥാപനമായി മാറ്റുകയും ചെയ്യുക.

6. സ്ഥാപനങ്ങളിലെ മാലിന്യ പരിപാലനവും ശുചിത്വവും വിജിലൻസ് സ്ക്വാഡ് പ്രതിമാസ പരിശോധന നടത്തേണ്ടതാണ്.

<u>അവാർഡുകൾ</u>

1. സംസ്ഥാന, ജില്ലാ തലങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങൾ വൃത്തിയായി പരിപാലിക്കുന്ന സംഘടനകൾക്ക് പ്രത്യേക പുരസ്ക്കാരം സർക്കാർ നൽകുന്നതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏറ്റവും കൂടുതൽ സ്ഥലം ഏറ്റെടുത്ത് പരിപാലിക്കുന്ന

സംഘടനകൾക്കും, മികച്ച രീതിയിൽ ശുചീകരിച്ച പ്രദേശത്തിന്റെ തുടർ പരിപാലനവും, സൗന്ദര്യവത്ക്കരണവും ഏറ്റെടുത്ത സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രത്യേക അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

=======